പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*203 — 18.03.2015 ൽ മറുപടിക്ക്

## റെയിൽവേ വികസനത്തിന് പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>,, റോഷി അഗസ്റ്റിൻ<br>,, പി.സി. ജോർജ്<br>ഡോ. എൻ. ജയരാജ് : | | **ആര്യാടൻ മുഹമ്മദ്**<br>**(ഊർജ്ജ വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്തെ റെയിൽവേ വികസനം മന്ദഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | റെയിൽവേ മേഖലയിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ കേരളം സമർപ്പിക്കുന്ന നിർദ്ദേശങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വേണ്ടത്ര പരിഗണന ലഭിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാംതന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുണ്ട്. |
| (ബി) | സംസ്ഥാന സർക്കാർ ഏതെല്ലാം പദ്ധതികളാണ് റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് സമർപ്പിച്ചത്; വിശദാംശങ്ങൾ നൽകുമോ; | (ബി) യും (സി) യും | സംസ്ഥാനത്ത് നിന്നുള്ള ബഹു എംപിമാരോടും റെയിൽവേയോടും മറ്റ് ബന്ധപ്പെട്ടവരുമായും ചർച്ചകൾ നടത്തി സംസ്ഥാനത്തിനായി റെയിൽവേ കാലാകാലങ്ങളിലായി പ്രഖ്യാപിക്കുന്ന |

(ബി) സംസ്ഥാനത്തിന്റെ റെയിൽ മേഖലയുടെ അടിസ്ഥാന വികസനത്തിന് ഉതകുന്ന ഏതെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പദ്ധതികൾക്ക് ഉപരി സംസ്ഥാനത്തിന്റെ സമഗ്ര റെയിൽ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം ക്രോഡീകരിച്ച് മുൻഗണനാക്രമത്തിൽ ചേർത്താണ് എല്ലാ റെയിൽവേ ബഡ്ജറ്റുകൾക്കും വളരെ മുന്നേ തന്നെ സംസ്ഥാന സർക്കാർ മെമ്മോറാണ്ടം തയ്യാറാക്കി സമർപ്പിക്കുന്നത്.

**സംസ്ഥാനത്ത് നടന്നു വരുന്ന പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം, ഗേജ്മാറ്റം, അങ്കമാലി ശബരി പുതിയ പാത നിർമ്മാണം എന്നിവ പൂർത്തീകരിക്കുന്നതിനും ഈ സാമ്പത്തിക വർഷം മൊത്തം ഇനിയും ആവശ്യമായ 390 കോടി രൂപയും 2015-16 ൽ ആവശ്യമായ മൊത്തം 649 കോടി റെയിൽവേയോട് ആവശ്യപ്പെട്ടു.**

**സംസ്ഥാനത്തിനായി പ്രത്യേക റെയിൽവേ സോൺ, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി, ചേർത്തല വാഗൺ ഫാക്ടറി, റെയിൽവേ മെഡിക്കൽ കോളേജ്, റെയിൽവേയുടെ ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി, ഗുരുവായൂർ തിരുനാവായ നിലമ്പൂർ - നഞ്ചൻഗുഡ് ഉൾപ്പെടെ പുതിയ ലൈനുകളുടെ നിർമ്മാണം, സംസ്ഥാനത്ത് ഓടുന്ന കോച്ചുകളുടെ നിലവാരം മെച്ചപ്പെടുത്തൽ, കോട്ടയം, നേമം കോച്ചിംഗ് ഡിപ്പോകൾ ROB കളുടെ നിർമ്മാണം തുടങ്ങി സംസ്ഥാനത്തിന്റെ ചിരകാല ആവശ്യങ്ങൾ എല്ലാം തന്നെ 2015-16 ൽ സാക്ഷാത്കരിക്കാനാവശ്യമായ വകയിരുത്തലുകൾ 2015-16 ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്നാണ് ടി മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്.**

**സ്ഥിരം യാത്രക്കാർക്ക് ആശ്വാസമായി സംസ്ഥാനത്ത് സബർബൻ റെയിൽ**

ഉൾപ്പെടുത്തുന്നതിന റെയിൽവേയുടെ പങ്കാളിത്ത. സംസ്ഥാന സർക്കാർ ഈ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി സംസ്ഥാന സർക്കാരും ഇന്ത്യൻ റെയിൽവേയും തുല്യ പങ്കാളിത്തമുള്ള SPV 2015-16 ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കണമെന്ന് പ്രത്യേകമായി ബഹു. മുഖ്യമന്ത്രിയുടെ 29.01.2015 ലെ അർദ്ധ ഔദ്യോഗിക കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുകൂല തീരുമാനം ലഭ്യമായിട്ടില്ല.

തുടർന്നു വരുന്ന പ്രവൃത്തിയായതിനാൽ അങ്കമാലി ശബരി ലൈൻ നിർമ്മാണ ചെലവിന്റെ സംസ്ഥാന സർക്കാരിന്റെ 50% ഓഹരി റെയിൽവേ നിർദ്ദേശിച്ചിരിക്കുന്നത് അനുസരിച്ച് റെയിൽവേക്ക് കേന്ദ്രസർക്കാർ നല്കണമെന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്..കൊല്ലം, കോട്ടയം, തൃശ്ശൂർ, എറണാകുളം , കോഴിക്കോട് റെയിൽവേ സ്റ്റേഷനുകളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ 9,97,12,367/- രൂപ റെയിൽവേക്ക് 2014-15 സാമ്പത്തിക വർഷം (2014-15) നൽകിയിട്ടുമുണ്ട്

Signature

സെക്ഷൻ ഓഫീസർ